**ശ്രദ്ധക്ഷണിക്കൽ**

## (1) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കാത്തത് സംബന്ധിച്ച്

ശ്രീ. കെ. അച്ചുതൻ: സർ, പറമ്പിക്കുളം-ആളിയാർ കരാറനുസരിച്ചുള്ള വെള്ളം ലഭിക്കാത്തത് സംബന്ധിച്ച്, ഈ സഭ വളരെ ഗൗരവമായി എടുക്കേണ്ട വിഷയമാണ് ഞാൻ ശ്രദ്ധക്ഷണിക്കലായി കൊണ്ടുവന്നിരിക്കുന്നത്. അവിടെ മുപ്പതിനായിരത്തോളം ഏക്കർ കൃഷിഭൂമി നശിച്ചുകൊണ്ടിരിക്കുകയാണ്. തമിഴ്നാട്ടിൽ നിന്നും വെള്ളം കിട്ടുന്നില്ല. ആളിയാറിൽ നിന്ന് തമിഴ്നാട്ടിലൂടെ 42 കിലോമീറ്റർ ദൂരത്തിൽ വെള്ളം വന്നാൽ മാത്രമേ ചിറ്റൂർ മേഖലയിൽ എത്തുകയുള്ളൂ. അങ്ങനെ വെള്ളം എത്താത്തതുകൊണ്ടുള്ള ഭവിഷ്യത്ത് ഈ ഗവൺമെന്റ് വളരെ ഗൗരവമായി എടുക്കുകയും ആയതിനാവശ്യമായ നഷ്ടപരിഹാരം നൽകുകയുമല്ലാതെ മറ്റ് പോംവഴികളൊന്നും ഇല്ല എന്നാണ് എന്റെ അഭിപ്രായം. നഷ്ടപരിഹാരം ഒരു പരിധിയിൽ കവിഞ്ഞ് നൽകാൻ കഴിഞ്ഞില്ലെങ്കിൽ.............

മി. സ്പീക്കർ: എം.എൽ.എ.മാർ അവരവരുടെ സീറ്റുകളിലേയ്ക്ക് പോകണം. Please go to your seat. ........Please.... Please..... എം.എൽ.എ.മാർ അതാത് സ്ഥലത്തിരിക്കണം.

ശ്രീ. കെ. അച്ചുതൻ: എല്ലാം പരിപൂർണ്ണമായി നശിച്ചിരിക്കുകയാണ്. പരിപൂർണ്ണമായി നശിച്ച സ്ഥിതിക്ക് നഷ്ടപരിഹാരം പരമാവധി നൽകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കേരളവും തമിഴ്നാടും തമ്മിൽ 1958 മുതൽ മുൻകാലപ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് ഒരു വർഷം പാലക്കാട്-

ചിറ്റൂർ പുഴ പദ്ധതി പ്രദേശത്തെ കാർഷികാവശ്യങ്ങൾക്കായി മണക്കടവ് മേഖലയിൽ ................................

(പ്രതിപക്ഷാംഗങ്ങളുടെ മുദ്രാവാക്യം വിളി കൂടുതൽ ശക്തിപ്പെട്ടു)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി മേശപ്പുറത്ത് വച്ചാൽ മതിയാകും.

ശ്രീ. പി. ജെ. ജോസഫ്: മറുപടി മേശപ്പുറത്തു വയ്ക്കുന്നു.

(ശ്രീ. എം. ചന്ദ്രൻ സീറ്റിലില്ലാതിരുന്നതിനാൽ അദ്ദേഹത്തിന്റെ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)